# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2339

08.07.2015 ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ശ്രീ.പി. ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജലസേചന വകുപ്പിൽ ജോലിചെയ്യവെ മരണമടഞ്ഞ വ്യക്തിയുടെ ഫാമിലി പെൻഷൻ അവിവാഹിതയായ പെൺമക്കൾക്ക് കിട്ടണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി രമാദേവി. എസ്., മാഞ്ഞൂർ നൽകിയിരുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | എ) ശ്രീമതി.രമാദേവി.എസ്., മാഞ്ഞൂർ നൽകിയിരുന്ന നിവേദനത്തിന്റെ പകർപ്പ് പാലാ മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തുടർ നടപടികൾക്കായി ചീഫ് എഞ്ചിനീയർ (ഐ&എ) അയച്ചു കൊടുത്തിട്ടുണ്ട്. പെൻഷൻ പേപ്പർ തയ്യാറാക്കുന്നതിനുവേണ്ടി പെൻഷൻ ബുക്കുകൾ വാങ്ങി സമർപ്പിക്കുവാൻ അപേക്ഷകയ്ക്ക് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത പരാതി തീർപ്പാകുന്നതിന് എന്തെങ്കിലും ഭരണപരമായോ സാങ്കതികമായോ തടസ്സം ഉണ്ടെങ്കിൽ ആയതു അറിയിക്കാമോ ; പ്രസ്തുത നിവേദനം ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ ; നിവേദനത്തിന്റെ ജലവിഭവ വകുപ്പിലെയും ചീഫ് എഞ്ചിനീയറുടെ ഓഫീസിലെയും ഫയൽ നമ്പർ അറിയിക്കാമോ ? | ബി) ഈ വിഷയം തീർപ്പാക്കുന്നതിൽ ഭരണപരമായോ സാങ്കേതികമായോ യാതൊരു തടസ്സവുമില്ല. പ്രസ്തുത നിവേദനത്തിന്മേൽ ഇപ്പോൾ മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിലെ എ 1 387/15 എന്ന നമ്പർ ഫയലിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാരിൽ ഇതു സംബന്ധിച്ച രേഖകളൊന്നും ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**